# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5488 28.7.2015-ൽ മറുപടിയ്ക്ക്
## കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെയും ഇറച്ചിക്കോഴികളുടെയും ഭക്ഷ്യയോഗ്യത നിശ്ചയിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) കശാപ്പ് ശാലകളിൽ കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെയും ഇറച്ചിക്കോഴികളുടെയും ഭക്ഷ്യയോഗ്യത നിശ്ചയിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ അറവുശാലകളുടെ നടത്തിപ്പിനുള്ള അധികാരം തദ്ദേശസ്വയംഭരണ വകുപ്പിനാണ്. അറവ് മൃഗങ്ങളെ അറവിനു മുൻപും അതിന് ശേഷവും ഒരു വെറ്ററിനറി ഡോക്ടർ പരിശോധിച്ച് അവ രോഗമുക്തമാണെന്നും, ഭക്ഷ്യ യോഗ്യമാണെന്നും, സാക്ഷ്യപ്പെടുത്തണമെന്നാണ് വ്യവസ്ഥ.<br>മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന് മുൻപ് ഒരു വിദഗ്ദ്ധ മൃഗഡോക്ടർ പരിശോധിക്കുകയും, തുടർന്ന് അവ ശാസ്ത്രീയമായ രീതിയിൽ കശാപ്പ് ചെയ്യുകയും ചെയ്യുന്നു. അതിനുശേഷം ഇറച്ചിയുടെ ഗുണനിലവാരവും ഭക്ഷ്യയോഗ്യതയും വിലയിരുത്താൻ വിദഗ്ദ്ധ പരിശോധനകൾ നടത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ